*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 44 B

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

**മെയ് 5, 2023**

# പ്രേമം, സഹിഷ്ണുത, കാവ്യ നൈപുണി

## LOVE, TOLERANCE, POETIC TALENT

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം. സായി വിവേകമുത്തുകളിലേക്ക് സ്വാഗതം.



60-ാം പിറന്നാൾ ആഘോഷം: സായിരാം ഷെഡ്, ബൃന്ദാവൻ. 1985 ഡിസംബർ

ഭഗവാൻ അരുളിയിരിക്കുന്നു, ആർക്കും തന്നെ അവിടുത്തെ പ്രേമം, അവിടുത്തെ ദിവ്യത്വം മനസ്സിലാക്കാനാവില്ല എന്ന്. നേരേ മറിച്ച്, ഒരുവൻ അവിടുന്നിനെ വിശകലനം ചെയ്യാതെ, അത് അനുഭവിക്കാൻ ശ്രമിക്കണം. അങ്ങനെ, സ്വാമിയുടെ പ്രേമത്തിന്റെ ആഴം അപരിമേയവും നമ്മുടെ ധാരണയ്ക്ക് അതീതവുമാകുന്നു. സ്വാമി ഓരോരുത്തരെയും സ്നേഹിച്ചു എന്നു മാത്രമല്ല, ഓരോരുത്തരും അവിടുന്നിനെ സ്നേഹിച്ചു. അവിടുത്തെ 60-ാം പിറന്നാളിന് രചിക്കപ്പെട്ട ഒരു ഗാനമുണ്ട്:




ഓരോരുത്തരും സായിയെ സ്നേഹിക്കുന്നു,
സായി ഓരോരുത്തരെയും സ്നേഹിക്കുന്നു.

ഓരോരുത്തരും സായിയെ സ്നേഹിക്കുന്നു,
സായി ഓരോരുത്തരെയും സ്നേഹിക്കുന്നു

അത് സംഭവിക്കുന്നു, അത് നമ്മുടെ അനുഭവമാകുന്നു.

എല്ലാ അധ്യാപകരും അവിടുന്നിനെ എന്തിനേക്കാളുമധികം സ്നേഹിച്ചു,അവരുടെ സ്വന്തം കുട്ടികളേക്കാളുമധികം!

ഇംഗ്ലീഷും സോഷ്യൽ സയൻസും പഠിപ്പിച്ചിരുന്ന, മെഹബൂബ് ഖാൻ എന്നു പേരുള്ള ഒരു ടീച്ചറുണ്ടായിരുന്നു, തന്റെ ആത്മാർത്ഥവും ആകർഷകവുമായ ബോധന രീതികളുടെ പേരിൽ അദ്ദേഹം തന്റെ വിദ്യാർത്ഥികൾക്കിടയിൽ വളരെ സമ്മതനായിരുന്നു. പ്രായം ചെന്ന ഒരു അവിവാഹിതനായിരുന്ന അദ്ദേഹം സത്യനെ വേറിട്ട സ്നേഹത്തോടെയാണ് കണ്ടിരുന്നത്. അവിടുത്തെ അധ്യാപകനായിരുന്ന മെഹബൂബ് ഖാൻ സ്നേഹപൂർവം നിർബന്ധിക്കുമ്പോൾ സത്യൻ നൃത്തം ചെയ്യുമായിരുന്നു.

മെഹബൂബ് ഖാൻ, അദ്ദേഹം സ്കൂളിൽ കൊണ്ടുവരാറുള്ള മധുരവും മറ്റ് ആഹാരസാധനങ്ങളും സ്വീകരിക്കുന്നതിന് സ്വാമിയെ നിർബന്ധിക്കുന്നത് പതിവായിരുന്നു. തന്റെ വീട് ആ ഭോജ്യങ്ങൾ തയ്യാറാക്കുന്നതിലേക്കായി പ്രത്യേകം വൃത്തിയാക്കാറുണ്ടായിരുന്നു എന്നാണ് അദ്ദേഹം പറയുന്നത്, എന്തുകൊണ്ടെന്നാൽ നോൺ-വെജിറ്റേറിയൻ ആഹാരത്തിന്റെ വിദൂര സമ്പർക്കം പോലും വന്ന എന്തെങ്കിലും സത്യൻ ആഹരിക്കില്ല എന്ന കാര്യം അദ്ദേഹത്തിന് അറിയാമായിരുന്നു. താൻ ഇനിയും ആഹരിച്ചിട്ടില്ല എന്നാണ് അദ്ദേഹം, മെഹബൂബ് ഖാൻ, പറയുക. അദ്ദേഹം കഴിക്കാത്തതിനു കാരണം, സത്യൻ അത് ആദ്യം കഴിക്കണം എന്നാഗ്രഹിച്ചിട്ടാണ്.

സത്യന്റെ തലമുടി തഴുകുന്നത് മെഹബൂബ് ഖാൻ നിശ്ശബ്ദം നീട്ടിക്കൊണ്ടുപോവും! സത്യൻ എന്ന മഹത് ശക്തിയെ വളരെ ആരംഭത്തിൽത്തന്നെ മെഹബൂബ് ഖാൻ തിരിച്ചറിഞ്ഞിരുന്നു! അവിടുത്തെ സുഹൃത്തുക്കൾ, എന്നിരുന്നാലും അവിടുന്നിനെ തങ്ങളിൽനിന്ന് വ്യത്യസ്തനായി കരുതിയിരുന്നില്ല. വാസ്തവത്തിൽ, അവിടുന്ന് പങ്കിടുന്നതിലാണ് വിശ്വസിച്ചിരുന്നത്. സത്യൻ അവിടുത്തെ പെൻസിൽ ബോക്സിൽ നിലക്കടല കൊണ്ടുവരുമായിരുന്നു.

ഒരിക്കൽ, അവിടുന്ന് 6-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ, അവിടുന്ന് ക്ലാസ്റൂമിൽ ഇല്ലാതിരുന്ന അവസരത്തിൽ, അവിടുത്തെ സഹപാഠികളിലൊരാളായ ഗജുല കൃഷ്ണയ്യ നിലക്കടല മോഷ്ടിക്കുകയുണ്ടായി! സത്യൻ തിരികെയെത്തിയപ്പോൾ അവിടുന്ന് കൃഷ്ണയ്യയോട് ചോദിച്ചു, ‘‘എന്തിനാണ് നീ അതെല്ലാം മോഷ്ടിച്ചത്? കുറച്ച് നീ എനിക്കുകൂടി വച്ചേക്കണമായിരുന്നു!’’ അവിടുന്ന് കേവലം ഒരു നെഗറ്റീവ് പരാമർശം നടത്തി, അത്ര മാത്രം!



Mehboob Khan





Above: **H.S. Venkataramana** (Science teacher and Assistant Headmaster), **T. Lakshmipathi** (Headmaster) and **N. Peraraju** (Telugu teacher)

Left: The two classrooms in Sri Karibasavaswami District Board High School where Raju studied

സ്വാമിയിൽ നമുക്ക് ദർശിക്കാവുന്ന മറ്റൊരു വലിയ സവിശേഷത എന്തെന്നാൽ, അവിടുന്ന് വലിയൊരു ഗാനരചയിതാവ് ആയിരുന്നു എന്നതാണ്. അവിടുന്ന് നിരവധി ഗാനങ്ങൾ രചിച്ചു, അവയ്ക്ക് ഈണമിട്ടു, ഓരോരുത്തരെയും തനിക്കൊപ്പം പാടിച്ചു.

കമലാപുരത്ത്, കോടെ സുബ്ബണ്ണ എന്നു പേരുള്ള ഒരു പലചരക്ക് വ്യാപാരി അയാൾ വിൽക്കുന്ന ഒരു മരുന്നിന് സത്യനെക്കൊണ്ട് ഒരു പരസ്യഗാനം എഴുതിക്കണമെന്ന് ആഗ്രഹിച്ചു. പിൽക്കാലത്ത് സത്യൻ അയാളെപ്പറ്റി സംസാരിച്ചു.

ബാബ ഇപ്രകാരമാണ് പറഞ്ഞത്, ‘‘ഞാൻ ഗാനങ്ങളും കവിതകളും രചിക്കുമെന്ന് കോടെ സുബ്ബണ്ണയ്ക്ക് അറിയാമായിരുന്നു. അയാൾ ഇടയ്ക്കിടെ ഞങ്ങളുടെ സ്കൂളിൽ വന്നിട്ട് എന്നോട് പറയും, ‘ഇന്നയിന്ന മരുന്നുകൾ എത്തിയിട്ടുണ്ട്. മരുന്നിന്റെ ഏതാനും സ്റ്റോക്ക് വന്നിരിക്കുന്നു. അവയ്ക്കു വേണ്ടി ഏതാനും പരസ്യം എഴുതണം.’ ഞാൻ അവയ്ക്ക്

അനുയോജ്യമായ പരസ്യഗാനങ്ങൾ എഴുതുമായിരുന്നു, എന്നിട്ട് കുട്ടികളെ കൂട്ടി ടൗണി ലെല്ലാം ആ പരസ്യഗാനങ്ങൾ പാടി നടക്കും!

കോടെ സുബ്ബണ്ണയ്ക്ക് ഒരു മുളമ്പായ ഉണ്ടായിരുന്നു. ഞങ്ങൾ അതിലൊരു കമ്പ് വച്ചു കെട്ടും, ആ പായയിൽ പരസ്യം ചെയ്യേണ്ടത് എഴുതി ഒട്ടിച്ചുവയ്ക്കും. ഞങ്ങൾ ആ ഉത്പ ന്നങ്ങളെ പുകഴ്ത്തിക്കൊണ്ട് ആ സ്ഥലത്തൊക്കെ ചുറ്റി നടക്കും. പരസ്യഗാനം കേട്ടിട്ട് കോടെ സുബ്ബണ്ണയ്ക്ക് വലിയ സന്തോഷമാവും, അയാൾ എനിക്കാവശ്യമുള്ള സാധനങ്ങളും പുസ്തകങ്ങളുമൊക്കെ തരും.



ആ സമയത്ത്, ബാല ഭാസ്കര എന്നു പേരുള്ള ഒരു പുതിയ മരുന്ന് വന്നു. ആ മരുന്നിന് ഒരു പരസ്യം എഴുതുന്നതിനായി അയാൾ എന്നെ നിർബന്ധിക്കുകയുണ്ടായി. ഞാനാ ജോലി ഏറ്റു, താഴെ പറയുന്നപോലെ ഒരു ഗാനം എഴുതി.”

ബാബ തന്നെ രചിച്ച ഒറിജിനൽ തെലുങ്കു കവിതയുടെ പരിഭാഷ ഇപ്രകാരമാണ്:

“നാം ബാല-ഭാസ്കരനെ കണ്ടു!
വരൂവിൻ, വരൂവിൻ കുട്ടികളേ!
എല്ലാത്തരം രോഗവും,
നോവും കൈനീരും;
സകല കുഴപ്പങ്ങൾക്കും,
സകല വ്യാധികൾക്കും നന്ന്!
വരൂ, വരൂ, കുട്ടികളേ!
എവിടെ ഇത് കിട്ടും എന്നാകിലോ,
എല്ലാർക്കുമതറിയാം.
നോക്കൂ, ഇവിടെ നോക്കൂ,
കോടെ സുബ്ബണ്ണയുടെ കടയിൽ.
വരൂ, വരൂ, കുട്ടികളേ!
പണ്ഡിറ്റ് ഡി. ഗോപാലാചാരിയുടെ
അമൂല്യമായ ടോണിക്!
വരൂ, വരൂ, കുട്ടികളേ!”

സ്വാമി ഈ പരസ്യഗാനം പാടുമ്പോൾ, കോടെ സുബ്ബണ്ണ വളരെയധികം സന്തുഷ്ടനാവും. പരിശീലനം ലഭിച്ച കുട്ടികൾ ചന്തയിൽ ഇത് പാടുമ്പോൾ, അയാൾ അവർക്കെല്ലാം പണം നൽകും.

"ഇപ്രകാരം രചിക്കപ്പെട്ട് ആലപിക്കപ്പെടുന്ന ഗാനങ്ങൾ കേട്ടിട്ട് മറ്റ് കടയുടമകളും എന്നെ സമീപിക്കാൻ തുടങ്ങി. ഞാൻ സ്കൂളിലായിരുന്നാലും വീട്ടിലായിരുന്നാലും അവർ എന്റെ യടുത്തു വന്ന് അവരുടെ ഉത്പന്നങ്ങൾക്ക് പരസ്യഗാനങ്ങളെഴു തണം എന്നു പറയും. അവർ വിഷയം തന്നിട്ടുണ്ടെങ്കിൽ ഞാൻ പര സ്യത്തിനു വേണ്ട വരികൾ മനസ്സോടെ എഴുതിക്കൊടുക്കും!"



ഒരു മികച്ച രചയിതാവ് എന്ന നിലയ്ക്ക് അവിടുത്തെ രചനകൾ കാവ്യാത്മകമാവും, അവിടുന്ന് ഉപയോഗിക്കുന്ന ഭാഷ എല്ലാ വർക്കും എളുപ്പം മനസ്സിലാവുന്നതായിരിക്കും.

ഇനി, ഒത്തിരി നാൾ കഴിഞ്ഞ് പ്രഖ്യാപിക്കപ്പെട്ട, അവിടുത്തെ ദിവ്യ ത, വളരെ മുമ്പുതന്നെ സൂചിപ്പിക്കപ്പെട്ടിരുന്നു. ഞാൻ കഴിഞ്ഞ തവണ പറഞ്ഞതുപോലെ, ഭഗവാന്റെ ദിവ്യത്വം തിരിച്ചറിഞ്ഞത് അവിടുത്തെ മുത്തച്ഛനാ യിരുന്നു.

പിന്നീട് മറ്റൊരു സംഭവമുണ്ടായി. കമലാപുരത്തുവച്ച് നടന്ന ശ്രദ്ധേയമായ ഒരു സംഭവം ഒരു ആടുന്ന കസേരയുടേതാണ്. ഒരു ദിവസം, തടസ്സം പറയാനായി ആരും അടുത്തില്ലാ തിരുന്ന ഒരു അവസരത്തിൽ, ബാലനായ സത്യനാരായണൻ ആ കസേ രയിലിരുന്ന് മുന്നോട്ടും പുറകോട്ടും ആടിക്കൊണ്ടിരുന്നു. തികച്ചും അപ്രതീക്ഷിതമായി, ശേഷമ്മ രാജുവിന്റെ അളിയൻ, സുബ്ബ രാജു, ആ മുറിക്കകത്തേക്ക് കടന്നുവന്നു. പയ്യൻ ആട്ടുകസേരയുടെ ആഢംബരം ആസ്വദിക്കുന്നതിൽ അയാൾ രോഷം കൊണ്ടു.



അയാൾ സത്യനോട് അട്ടഹസിച്ചു, "നീ രാജകുമാരനോ ഒരു ആട്ടുകസേരയിലിരിക്കാൻ?" ഈ പരാമർശം കേട്ടിട്ട് സത്യന് വളരെ വേദന തോന്നി, അവൻ ഉടനെ പ്രതികരിച്ചു, "ഞാൻ ശരിക്കും ആരാണെന്ന് താങ്കൾക്ക് ഇപ്പോൾ മനസ്സിലാവില്ല! ഞാനൊരു രാജകുമാ രനാണോ അതോ അതിലും വലിയ ആരെങ്കിലുമാണോ എന്ന് സമയം വരുമ്പോൾ നിങ്ങൾ കാണും. ഈ സത്യൻ അവന്റെ കസേരയിൽ, അല്ല, വെള്ളി പതിപ്പിച്ച സിംഹാസ നത്തിൽ, ഇരിക്കുകതന്നെ ചെയ്യും!"

സുബ്ബരാജു തർക്കിച്ചു, പക്ഷേ ശേഷമ്മ രാജു മുറിയിലേക്ക് വന്നതുകൊണ്ട്, അന്തരീക്ഷത്തിന് അയവു വന്നു. കൊച്ചു സത്യന്റെ നേർക്ക് തനിക്കുള്ള അസഹിഷ്ണുത, അവിടുത്തെ യാഥാർത്ഥ്യം മനസ്സിലാക്കാത്തതിന്റെ പേരിൽ, പിൽക്കാലത്ത് ആനന്ദക്കണ്ണീരും പശ്ചാത്താപവുമായി മാറുമെന്ന് സുബ്ബരാജുവിന് അന്ന് അറിയുമായിരുന്നില്ല. ഈ വാക്കുകൾ പ്രവചനവാണിയാവുമെന്ന് അന്ന് സുബ്ബരാജുവിന് അറിവുണ്ടായിരുന്നില്ല!

വർഷങ്ങൾക്കു ശേഷം, ബാബയ്ക്കായി ഒരു വെള്ളി സിംഹാസനം കൊണ്ടുവന്നപ്പോൾ, ഏറെനാളത്തേക്ക് അതിന്റെ പൊതി അഴിക്കുവാൻ അവിടുന്ന് ഒരു ഭക്തനെയും അനുവദിച്ചില്ല. ഒരു ദിവസം സുബ്ബരാജു ബാബയുടെ സന്നിധിയിലേക്ക് വിളിക്കപ്പെട്ടു, അതിന്റെ പൊതി അഴിക്കുവാൻ ആവശ്യപ്പെട്ടു.

വാസ്തവത്തിൽ സുബ്ബരാജുവിന്റെ തെറ്റായിരുന്നില്ല അത്. ആരുംതന്നെ ഇതിൽ കുറ്റക്കാരല്ലായിരുന്നു ശരിക്കും. വാസ്തവത്തിൽ, സത്യന്റെ ആത്മാവ് ഒരു കരുപ്പിടിക്കലിന്റെയും ആത്മാവിഷ്കരണത്തിന്റെയും സംഘർഷത്തിലൂടെ കടന്നുപോകുന്ന ഒരു തീക്ഷ്ണമായ ഉദ്യമത്തിന്റെ ഭാഗമാകാൻ അവർക്ക് അവസരം ലഭിക്കുകയായിരുന്നു.

സത്യൻ എന്തിനായിരുന്നു ആ മേളയ്ക്ക് പോയതുതന്നെ? അവന് മറ്റു പോംവഴിയില്ലാതിരുന്നതു കൊണ്ടല്ലേ? അതോ, തന്റെ സഹപാഠികളെ നിരാശപ്പെടുത്തുന്നത് അവിടുന്നിന് ഇഷ്ടമില്ലാതിരുന്നതു കൊണ്ടാണോ? അത്രമേൽ ഇല്ലായ്മയിലും അതിന്റെ ആവശ്യമുണ്ടായിരുന്നോ? അവിടുത്തെ സുഹൃത്തിന്റെ പക്കൽനിന്ന് ഒരു ജോടി പുതിയ വേഷം വാങ്ങാനുള്ള അവസരമുണ്ടായിരുന്നു അവിടുന്നിന്. അവിടുത്തെ ഉപയോഗിക്കാത്ത പുസ്തകങ്ങൾക്ക് ഏകദേശം മൂന്നിരട്ടി കാശ് ലഭിക്കുമായിരുന്നു അവിടുന്നിന്. എന്നാൽ, അവിടുന്ന് ഇതൊന്നും തെരഞ്ഞെടുത്തില്ല. കമലാപുരത്തെയും പുഷ്പഗിരിയിലെയും സംഭവങ്ങൾ പ്രകടമാക്കുന്നത്, സത്യൻ ശരിക്കും സ്നേഹത്തിൽ ജീവിച്ചത് എങ്ങനെ എന്നാണ്.

വരാനിരിക്കുന്ന വർഷങ്ങളിൽ, ഈ പ്രേമം പൂർണതയിലേക്ക് വിടരും, മനുഷ്യരാശിക്ക് മനസ്സിലാവും, കൊച്ചു സത്യൻ എന്തുകൊണ്ടാണ് എല്ലായ്പോഴും മറ്റുള്ളവരുടെ പ്രശ്നങ്ങളും ഉത്കണ്ഠകളും തന്റേതാക്കിയത്, അവിടുത്തെ സ്വന്തമാക്കിയത്, എന്ന്!

എന്തൊരു പ്രവചനാത്മകമായ വാക്കുകളായിരുന്നു അവ! ശരിക്കും അതിശയകരമായത്! ഭഗവാനിലെ സഹിഷ്ണുതാ ഭാവം, ബാല്യം മുതൽക്കേ അവിടുന്നിൽ ഉണ്ടായിരുന്നത്, അതിശയകരവും അവിശ്വസനീയവും ആയിരുന്നു.

ഒരിക്കൽ കമലാപുരത്തു വച്ച്, അവിടുന്ന് കൂടുതൽ പഠനത്തിനായി ബുക്കപട്ടണത്തുള്ള സമിതി എലിമെന്ററി സ്കൂളിൽ പോവുകയുണ്ടായി. ബുക്കപട്ടണം ചിത്രാവതി നദിക്കപ്പു

റം, പുട്ടപർത്തിയിൽ നിന്നും നാലു കിലോ മീറ്റർ അകലെയായിരുന്നു. സത്യൻ ബുക്കപട്ട ണം സ്കൂളിലേക്ക് നടക്കും, അവന്റെ മുടി നന്നായി ചീകിയൊതുക്കി, മൂർദ്ധാവിൽ രണ്ട് പൊട്ടുകളും അണിഞ്ഞിട്ടുണ്ടാവും-ഒന്ന് വിഭൂതിയുടെയും മറ്റൊന്ന് കുങ്കുമത്തിന്റെയും. അവിടുന്ന് എല്ലായ്പോഴും വൃത്തിയായി, വെടുപ്പിൽ വസ്ത്രം ധരിച്ച് നടന്നു.

വെങ്കട സുബ്ബയ്യ അപ്രകാരം സത്യനെ സ്കൂളിലേക്കും തിരിച്ചും അനുഗമിച്ചിരുന്ന ഒരു കുട്ടിയായിരുന്നു. അവനും മറ്റുള്ളവരും സത്യന്റെ ഇടതൂർന്ന മുടിയിലേക്ക് മുള്ളുപന്തു കൾ എറിയും, അതിൽനിന്ന് രക്ഷപ്പെടുന്നതിനായി സത്യൻ ഓടിയൊളിക്കും.
ബുക്കപട്ടണത്തിലെ വിദ്യാർത്ഥികൾ കഷ്ടിച്ച് പതിന്നാലു വയസ്സായ കൊച്ചു സത്യനെ കബളിപ്പിക്കാൻ നോക്കിയിരുന്നു. അവിടുന്നിന്, അതിരാവിലെ തന്നെ, തനിക്കും മുത്ത ച്ഛനും ആവശ്യമായ പ്രാതലും ഉച്ചഭക്ഷണവും വച്ചുണ്ടാക്കിയിട്ടു വേണം ഇറങ്ങാൻ. അവി ടുന്നിന്, തന്റെ പതിവുള്ള, പ്രാദേശികമായി വിളയുന്ന റാഗിയും പൊടിയരിയും ചേർത്ത് കഞ്ഞിപോലെയാക്കിയ മിശ്രിതമോ അല്ലെങ്കിൽ തണുത്ത ചോറും തൈരുമോ കഴിച്ചിട്ടു വേണമായിരുന്നു പുറപ്പെടാൻ.

സ്കൂളിലേക്കുള്ള വഴിയിൽ, ഏതാനും മുതിർന്ന കുട്ടികളും ഉണ്ടായിരുന്നു, സ്കൂളിലെ പുതിയ സ്പെഷ്യൽ വിദ്യാർത്ഥിയോട് അവർക്ക് അസൂയയുണ്ടായിരുന്നു! അവർ അവനെ റാഗ് ചെയ്യും, ഇടയ്ക്കിടെ മണൽപ്പരപ്പിൽ വച്ച് അവനെ കൈയേറ്റം പോലും ചെയ്യും, ചിത്രാവതിയിലെ വെള്ളം കൊണ്ട് നനയ്ക്കും, അവന്റെ വൃത്തിയുള്ള വസ്ത്രമൊക്കെ അഴുക്കാവും. അവൻ ഒരിക്കലും ശണ്ഠ കൂടിയില്ല. ഒരു തരം വിനോദഭാവത്തിൽ, ചിരി യോടെ, അവിടുന്ന് റാഗിംഗ് ഒക്കെ സഹിക്കുമായിരുന്നു, യാതൊരു ദുർവിചാരവുമില്ലാ തെ.
ഈ ഹൃസ്വഭാഷണത്തിൽ, ചെറുപ്പം മുതൽക്കേ സ്വാമിക്കുണ്ടായിരുന്ന സഹിഷ്ണുതാ ഭാവം, പിന്നെ, ലോകം അവിടുത്തെ ദിവ്യത്വം അറിയാനും തിരിച്ചറിയാനും ഇടയാകും എന്ന പ്രവചനവാക്കുകൾ, കവിതകളും ഗാനങ്ങളും രചിക്കുന്നതിലുള്ള അവിടുത്തെ നൈപുണ്യം, അവിടുത്തെ നിർലോഭമായ പ്രേമം ഇവയാണ് പരാമർശിക്കപ്പെടുന്നത്, ഈ ദിവ്യഗുണങ്ങളെപ്പറ്റി നമുക്കും കുറച്ചൊക്കെ പഠിക്കാനാവത്തക്കവിധം.

നമുക്ക് അടുത്ത ലക്കത്തിൽ തുടരാം. നിങ്ങൾക്ക് നന്ദി. സായിറാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)